# മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

സർവകലാശാലയിലെ ഇന്റർ സ്കൂൾ സെന്ററുകളിലും, ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളിലും സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്ട്മെന്റുകളിലും നടക്കുന്ന ഗവേഷണ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് സിൻഡിക്കേറ്റിന്റെ റിസർച്ച് ആൻഡ് ഡവലപ്മെന്റ് സ്റ്റാൻഡിങ്ങ് കമ്മിറ്റിയെ ചുമതലപ്പെടുത്തി കൊണ്ടുള്ള സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവാകുന്നു.

**ആസൂത്രണവും വികസനവും II - സെക്ഷൻ**

**യു.ഒ.നം. 2924/പിഭഡി-2/2/2017/ ഭരണവിഭാഗം** **തീയതി: 17.05.2017**

സൂചന:- 1. 15.10.2016-ലെ എ.ജി.യുടെ ആഡിറ്റ് എൻക്വയറി നം. 217.
2. 29.04.2017-ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം. നം. 98/17.06/162438.

## ഉത്തരവ്

പരാമർശം (1) പ്രകാരം, മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ സെന്ററുകളിലും ഡിപ്പാർട്ടുമെന്റുകളിലും നടക്കുന്ന ഗവേഷണ പദ്ധതികൾ നിരീക്ഷിക്കുന്നതിനും പ്രോജക്ട് ഫണ്ട് ഉപയോഗിച്ച് വാങ്ങുന്ന ഉപകരണങ്ങൾ സർവകലാശാലയുടെ ആസ്തിയായി ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നു പരിശോധിക്കുന്നതിനും, നിലവിൽ സർവകലാശാലയിൽ ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ലെന്ന് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് ടീം ചൂണ്ടിക്കാട്ടുകയുണ്ടായി. എ.ജിയുടെ പ്രസ്തുത പരാമർശം ബഹു: വൈസ് ചാൻസലറുടെ ശ്രദ്ധയിൽപ്പെടുത്തുകയും, ഫയൽ സിൻഡിക്കേറ്റിന് സമർപ്പിക്കുവാൻ ഉത്തരവ് ലഭിക്കുകയും ചെയ്തു.

29.04.2017-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം പ്രസ്തുത ഫയൽ പരിഗണിക്കുകയും, സൂചന (2)-ലെ മിനിറ്റ്സ് പ്രകാരം മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർ സ്കൂൾ സെന്ററുകളിലും, ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളിലും, സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്ട്മെന്റുകളിലും നടക്കുന്ന ഗവേഷണ പദ്ധതികളുടെ പുരോഗതി, വാർഷികാവലോകനം ചെയ്യുന്നതിന്, സിൻഡിക്കേറ്റിന്റെ റിസർച്ച് ആൻഡ് ഡവലപ്മെന്റ് സ്റ്റാൻഡിങ്ങ് കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**
**മോഹനൻ.കെ**
**ഡെപ്യൂട്ടി രജിസ്ട്രാർ(പി & ഡി)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്:

1. സിൻഡിക്കേറ്റിന്റെ റിസർച്ച് ആൻഡ് ഡവലപ്മെന്റ് സ്റ്റാൻഡിങ്ങ് കമ്മിറ്റി അംഗങ്ങൾ
2. വി.സി, പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സനൽ അസിസ്റ്റന്റുമാർ.
4. എ.സി.സി സെക്ഷൻ
5. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
6. നാക്ക് സെൽ/സ്റ്റാറ്റിസ്റ്റിക്സ് യൂണിറ്റ്
7. റെക്കോർഡ്സ് സെക്ഷൻ
8. കെ.എസ്.എ.ഡി.
9. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

**ഫയൽ നം: 217/പി & ഡി-2/2/2016/ഭരണവിഭാഗം (XV/463)**